**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2500 17.08.2017 -ൽ മറുപടിക്ക്

## ഇ - എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ.ഹൈബി ഈഡൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളായി മാറ്റുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | എ) | ഉണ്ട്.<br>സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും 03-05-2017 മുതൽ ഇ-എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് സംവിധാനത്തിലേക്ക് മാറിയിട്ടുണ്ട്. www.employment.kerala.gov.in എന്ന പോർട്ടൽ മുഖേന ഇ-എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് വഴിയുള്ള ഇ-സേവനങ്ങൾ ലഭ്യമാണ്. |
| ബി) | എന്തെല്ലാം സൗകര്യങ്ങളാണ് ഇതുമൂലം ഉദ്യോഗാർത്ഥികൾക്ക് ലഭിക്കുന്നത് ; വിവരിക്കുമോ; | ബി) | www.employment.kerala.gov.in എന്ന വെബ് സൈറ്റ് വഴി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും തൊഴിലന്വേഷകർക്ക് ലഭ്യമാക്കുന്ന പ്രത്യക്ഷമായ സേവനങ്ങൾ |

എല്ലായ്പ്പോഴും എവിടെ നിന്നും ലഭ്യമാണ്. ഇതുമൂലം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ തിക്കും തിരക്കും ഒഴിവാക്കാനായിട്ടുണ്ട്. രജിസ്ട്രേഷൻ, പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ. ട്രാൻസ്ഫർ. റീ-രജിസ്ട്രേഷൻ, വ്യക്തിഗത വിവരങ്ങളുടെ അപ്ഡേഷൻ തുടങ്ങിയ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും നേരിട്ട് മാത്രം ലഭ്യമായിരുന്ന സേവനങ്ങൾ പൊതുജനങ്ങൾക്ക്/ തൊഴിലന്വേഷകർക്ക് എല്ലായ്പ്പോഴും എവിടെനിന്നും നിർവഹിക്കാവുന്നതാണ്. ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് അവർ രജിസ്റ്റർ ചെയ്യുന്ന യോഗ്യതകൾക്ക് ആ സമയത്തെ സീനിയോറിറ്റി ലഭ്യമാകുന്നു എന്നത് ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന

| | | | |
|---|---|---|---|
| | | | ഓൺലൈൻ സേവനത്തിന്റെ മേന്മയാണ്. കൂടാതെ ഉദ്യോഗാർത്ഥികൾക്ക് അവരുടെ സീനിയോറിറ്റി ഉൾപ്പെടെയുള്ള വിവരങ്ങൾ യഥാസമയം ഓൺലൈൻ ആയി അറിയാൻ കഴിയുന്നതാണ് . |
| സി) | നിലവിലുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ എന്തെല്ലാം ആധുനികവത്ക്കരണ കമ്പ്യൂട്ടറൈസേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;വിശദാംശങ്ങൾ എന്തെല്ലാം; | സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും കംപ്യൂട്ടറുകൾ സ്ഥാപിക്കുകയും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 35 ലക്ഷത്തോളം തൊഴിലന്വേഷകരുടെ വിവരം ഡിജിറ്റൈസ് ചെയ്ത് ഇ-എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് എന്ന ഓൺലൈൻ സോഫ്റ്റ് വെയർ മുഖേന 03/05/2017 മുതൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | www.employment.kerala.gov.in എന്ന വെബ് പോർട്ടൽ വഴി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും തൊഴിലന്വേഷകർക്ക് ലഭ്യമാക്കുന്ന സേവനങ്ങൾ എല്ലായ്പ്പോഴും എവിടെ നിന്നും ലഭ്യമാണ്. |
| ഡി) | ആരുടെയെല്ലാം പങ്കാളിത്തമാണ് ഇതിനായി പ്രയോജനപ്പെടുത്തുന്നതെന്ന് വെളിപ്പെടുത്തുമോ? | ഡി) | നാഷണൽ ഇൻഫോർമാറ്റിക് സെന്റർ, കേരള സ്റ്റേറ്റ് ഐ.ടി മിഷൻ എന്നീ സ്ഥാപനങ്ങളുടെ പങ്കാളിത്തമാണ് ഇതിനായി പ്രയോജനപ്പെടുത്തുന്നത്. |

സെക്ഷൻ ഓഫീസർ